# ലഹരിമരുന്നുമായി 3 യുവാക്കൾ അറസ്റ്റിൽ

പാലക്കാട്

ജില്ലയിലെ വിവിധയിടങ്ങളിൽ ജില്ലാ ലഹരിവിരുദ്ധ സ്ക്വാഡ് നടത്തിയ പരിശോധനയിൽ ലക്ഷദ്വീപ് സ്വദേശിയടക്കം മൂന്നു യുവാക്കൾ ലഹരിമരുന്നുമായി പിടിയിൽ. വാളയാറിൽ 165 ഗ്രാം കഞ്ചാവുമായി കോഴിക്കോട് പയ്യോളി സ്വദേശി റിയാസ്(40), കൊഴിഞ്ഞാമ്പാറയിൽ 30ഗ്രാം ഹാഷിഷ് ഓയിലുമായി തൃശൂർ പെരുമ്പിലാവ് സ്വദേശി സനു(19) എന്നിവരും പാലക്കാട് നഗരത്തിൽ നടത്തിയ പരിശോധനയിൽ 100ഗ്രാം കഞ്ചാവും ഒരുഗ്രാം എംഡിഎംഎയുമായി ലക്ഷദ്വീപ് മിനിക്കോയ് ദ്വീപ് സ്വദേശി മുഹമ്മദ് മണിക്കു(28)മാണ് അറസ്റ്റിലായത്.

നർകോട്ടിക് സെൽ ഡിവൈഎസ്പി സി ഡി ശ്രീനിവാസൻ, വാളയാർ എസ്ഐ സിബിഷ്, എഎസ്ഐ അനിൽകുമാർ, എസ്‌സിപിഒ മണികണ്ഠൻ, കൊഴിഞ്ഞാമ്പാറ എസ്ഐ റഹ്മാൻ, എസ്‌സിപിഒ വിനോദ് കുമാർ, പാലക്കാട് ടൗൺ നോർത്ത് എസ്ഐമാരായ മധു, നന്ദകുമാർ, എസ്‌സിപിഒ ജ്യോതികുമാർ, ലഹരി വിരുദ്ധ സ്ക്വാഡ് അംഗങ്ങളായ റഹിംമുത്തു, കെ അഹമ്മദ് കബീർ, കെ ദിലീപ്, ആർ രാജീദ് എന്നിവരടങ്ങിയ സംഘമാണ് ലഹരിവസ്തുക്കൾ പിടിച്ചെടുത്തത്.